# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 5727 – 25/05/2017 - ലെ മറുപടിക്ക്

### സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനായി സ്വീകരിക്കുന്ന നടപടികൾ

ചോദ്യം

ഉത്തരം

ശ്രീ. പാറക്കൽ അബ്ദുല്ല

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | 31.03.2016 -ൽ അവസാനിച്ച സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ആളോഹരി കടം എത്ര രൂപയാണ്; | 31.03.2016 -ൽ അവസാനിച്ച സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ആളോഹരി കടം 46058 രൂപയാണ്. |
| ബി | ഈ കാലയളവിലെ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി എത്ര രൂപയാണ്; | 2015-16 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 9656.81 കോടി രൂപയാണ്. |
| സി | സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനായി ഭാവിയിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രണത്തിലൂടെയും നികുതി പിരിവ് ഊർജ്ജിതമാക്കിയും വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിയ്ക്കുന്നുണ്ട്.<br>2017 ജൂലൈ മുതൽ ജി.എസ്.ടി. (ചരക്ക് സേവന നികുതി) ഏർപ്പെടുത്തുന്നതോടുകൂടി കേരളത്തിന്റെ നികുതിവരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതു പ്രകാരം കൂടുതൽ കൃത്യതയാർന്ന നികുതി പിരിവ് സമ്പ്രദായം നിലവിൽ വരുന്നതു വഴി നികുതി വെട്ടിപ്പു വഴിയുള്ള ചോർച്ച വലിയ തോതിൽ കുറയ്ക്കാനാകുമെന്നും കരുതുന്നു.<br>ജി.എസ്.റ്റി. നടപ്പിലാക്കുമ്പോൾ നികുതി ചുമത്തുന്നത് ഉപഭോഗം നടക്കുന്ന സ്ഥലത്ത് ആയതിനാൽ ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് ഗുണകരമാകുകയും നികുതി വരുമാനം വർദ്ധിക്കുകയും ചെയ്യും. കൂടാതെ സർവ്വീസ് ടാക്സിലൂടെയും സംസ്ഥാനത്തിന് അധിക വരുമാനം |

| | | |
|---|---|---|
| | | പ്രതീക്ഷിക്കാം. വാറ്റ് ആംനസ്റ്റി സ്കീം നടപ്പിലാക്കുന്നതിലൂടെ 2017-18-ൽ നല്ലൊരു തുക നികുതി കുടിശ്ശികയിനത്തിൽ പ്രതീക്ഷിക്കുന്നുണ്ട്.<br>നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാരിലേക്കുള്ള പണമൊടുക്കലും സർക്കാരിൽ നിന്നുള്ള പണവിതരണവും ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. ഇതു വഴി ഉപഭോക്താക്കൾക്ക് എപ്പോൾ വേണമെങ്കിലും സർക്കാരിലേക്ക് പണം അടയ്ക്കുന്നതിന് സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ വകുപ്പ്, മറ്റു വകുപ്പുകൾ, ബഡ്ജറ്റ്, ഭാരതീയ റിസർവ്വ് ബാങ്ക്, അക്കൗണ്ടന്റ് ജനറൽ, വിവിധ ബാങ്കുകൾ, വിവിധ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിങ്ങ് ഓഫീസർമാർ, തുടങ്ങിയ എല്ലാവരെയും ഒരു കുടക്കീഴിൽ സംയോജിപ്പിച്ച് ഇടപാടുകൾ പരസ്പരം ഓൺലൈനായി നടത്തുന്നതിനായി ഒരു ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**